**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1662** **05-07-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാല പരീക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകൾ സമബന്ധിതമായി നടക്കാതിരിക്കുകയും ഡീംഡ് യൂണിവേഴ്സിറ്റി പദവിയിലുള്ള കോളേജുകൾ പരീക്ഷയും റിസൾട്ടും സമയബന്ധിതമായി നടത്തുകയും ചെയ്യുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരീക്ഷയും അനുബന്ധ ജോലികളും സമയബന്ധിതമായി നടത്താൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (എ) | ഓരോ വർഷവും മുൻകൂട്ടി തയ്യാറാക്കുന്ന അക്കാഡമിക് കലണ്ടർ പ്രകാരം കൃത്യ മായാണ് സർവ്വകലാശാലകളിൽ പരീക്ഷകൾ നടത്താറുള്ളത്. എന്നാൽ കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ ലോക്ക് ഡൗൺ/ നിയന്ത്രണങ്ങൾ കാരണം പരീക്ഷകളുടെ നടത്തിപ്പിൽ കാലതാമസമുണ്ടായിട്ടുണ്ട്. കാല താമസം നേരിട്ട പരീക്ഷകളിൽ ഭൂരിഭാഗവും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പരീക്ഷകൾ എത്രയും പെട്ടെന്ന് തന്നെ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പരീക്ഷാ പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് പരീക്ഷകൾ കൃത്യമായ പരീക്ഷാ കലണ്ടർ പ്രകാരം പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ